**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 314 | 17.12.2015 -ൽ മറുപടിക്ക്

## പി.എസ്.സി. നേരിടുന്ന പ്രതിസന്ധി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ആർ. രാജേഷ്<br>,, സാജു പോൾ<br>,, കെ.വി.അബ്ദുൾ ഖാദർ<br>ഡോ.കെ.ടി.ജലീൽ | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ഭരണഘടനാപരമായി ഏൽപ്പിച്ചിരിക്കുന്ന സുപ്രധാന കടമകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് പബ്ലിക് സർവ്വീസ് കമ്മീഷന് സാധിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) ഇതിനാവശ്യമായ ഫണ്ട് സർക്കാർ യഥാസമയം ലഭ്യമാക്കാത്തതിനാൽ, പി.എസ്.സി. നേരിടുന്ന പ്രതിസന്ധി പരിഹരിക്കുമോ;<br>(സി) സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് പി.എസ്.സി. എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്; ഇവയിൽ ഇപ്പോഴും പരിഹരിക്കപ്പെടാതെ അവശേഷിക്കുന്നവ എന്തെല്ലാം; | (ബി) & (സി) | സർക്കാർ ഈ സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്നതിനേക്കാൾ അധികമായി 12 കോടി 50 ലക്ഷം രൂപ വിവിധ ഹെഡ്ഡുകളിലായി പി.എസ്.സിയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 05/12/2015 ൽ സമർപ്പിച്ച ഏഴ് കോടി പതിനഞ്ച് ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ കോഴിക്കോട് ജില്ലയിൽ ഓൺലൈൻ പരീക്ഷാ കേന്ദ്രം സ്ഥാപിയ്ക്കുന്നതിനായി സിവിൽ & ഇലക്ട്രിക് വർക്കുകൾക്ക് തുക അനുവദിയ്ക്കുന്നതിനായി ടി പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിനാവശ്യമുള്ള എസ്റ്റിമേറ്റ് സഹിതം പ്രൊപ്പോസൽ സമർപ്പിയ്ക്കുവാൻ സർക്കാർ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. |

(ഡി) പരീക്ഷയും ഇന്റർവ്യൂവും യഥാസമയം നടത്താത്തതിനാൽ ഒട്ടേറെ ഒഴിവുകൾ നികത്തപ്പെടാതെ അവശേഷിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ഡി) ഇല്ല.

(ഇ) ധനകാര്യ വിഭാഗത്തിന്റെ പരിശോധന അംഗീകരിക്കില്ലെന്ന പി.എസ്.സി യുടെ നിലപാട് അംഗീകരിക്കുന്നുണ്ടോ; നിലപാട് വ്യക്തമാക്കുമോ?

(ഇ) ഇല്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 283(2) പ്രകാരം കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നുള്ള ധനവിനിയോഗം സംസ്ഥാന സർക്കാരിന്റെ നിയമങ്ങൾക്ക് വിധേയമാണ്. കൺസോളിഡേറ്റഡ് ഫണ്ടിന്റെ കസ്റ്റോഡിയൻ സർക്കാരായതിനാൽ ധനവിനിയോഗം, സാമ്പത്തിക ഇടപാടുകൾ എന്നിവ സംബന്ധിച്ച് അന്വേഷണം നടത്താൻ സർക്കാരിന് അധികാരമുണ്ട്. ആയതിനാൽ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിശോധന അംഗീകരിക്കില്ലെന്ന പി.എസ്.സിയുടെ നിലപാട് അംഗീകരിക്കാനാവില്ല.

**സെക്ഷൻ ഓഫീസർ**